പാരിസ്ഥിതികാനുമതി ലഭിച്ചാൽ മാത്രമേ പദ്ധതിയുടെ അനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രസർക്കാരിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട ജയലാൽ പറഞ്ഞ ഈ പ്രശ്നം വളരെ പ്രാധാന്യമുള്ളതാണ്. എന്നാൽ ഇരുപത്തിയഞ്ച് വർഷത്തിനുമുൻപ് കല്ലിട്ടകാര്യം പറഞ്ഞു. അത് എന്റെ ശ്രദ്ധയിൽ ഇല്ല. ഇരുപത്തിയഞ്ച് കൊല്ലം മുൻപ് ഹാർബറുകൾ നിർമ്മിക്കുന്നതിന് പാരിസ്ഥിതിക പഠനമോ അല്ലെങ്കിൽ ഇതുപോലുള്ള മറ്റുപഠനമോ ആവശ്യമുണ്ടായിരുന്നില്ല. ഇപ്പോഴാണ് ഈ പ്രശ്നങ്ങളെല്ലാം വന്നത്. ഇതൊന്നും ആവശ്യമില്ലാത്ത കാലത്തായിരിക്കും ഈ വകുപ്പ് കൈകാര്യം ചെയ്ത അന്നത്തെ മുഖ്യമന്ത്രി കല്ലിട്ടിട്ടുള്ളത്. ഇന്നത്തെ സാഹചര്യത്തിൽ പരിസ്ഥിതി പഠനവും മോഡൽ സ്റ്റഡിയും ആവശ്യമാണ്. അതിന് ഈ ഗവൺമെന്റ് ഏറ്റവും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്.

12. വിഴിഞ്ഞം പുനരധിവാസ പാക്കേജ്

<u>ശ്രീമതി ജമീലാ പ്രകാശം</u> : സർ, കേരളപ്പിറവി ദിനമായ നവംബർ 1-ാം തീയതി വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനമാരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിന് മുന്നോടിയായി പദ്ധതി പ്രദേശത്തുണ്ടാകാൻ പോകുന്ന പരിസ്ഥിതി വ്യതിയാനത്തെയും അല്ലുവഴി ആവാസവ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളേയും പറ്റി വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ പദ്ധതി നിർമ്മാണം പുരോഗമിക്കുന്നതിന് സമാന്തരമായിത്തന്നെ സുസ്ഥിര പ്രാദേശിക വികസനത്തിനും ആവാസവ്യവസ്ഥയുടെ ആരോഗ്യകരമായ നിലനിൽപ്പിനും സംരക്ഷണത്തിനുമായി സർക്കാർ ചെയ്യേണ്ട പ്രവർത്തനങ്ങളെപ്പറ്റി വിശദമാക്കുകയും ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണത്തിനാവശ്യമായി വരുന്ന 7500 കോടിയിൽപരം രൂപയുടെ അഞ്ച് ശതമാനമെങ്കിലും സുസ്ഥിര പ്രാദേശിക വികസനം, ആവാസവ്യവസ്ഥയുടെ സംരക്ഷണം, പുനരധിവാസം തുടങ്ങിയവയ്ക്കായി നീക്കി വയ്ക്കേണ്ടതുണ്ട്. എന്നാൽ നീക്കിവയ്ക്കുന്നതായി ഇപ്പോൾ പറഞ്ഞിരിക്കുന്നത് 140 കോടി രൂപ മാത്രമാണ്. നമ്മുടെ രാഷ്ട്രത്തിന് ഈ വിവിധോദ്ദേശ്യ ആഴക്കടൽ ഇറമുഖ പദ്ധതികൊണ്ടുണ്ടാകുന്ന വമ്പിച്ച നേട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ തുക തുലോം തുച്ഛമായതെങ്കിലും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം നിർമ്മിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രാദേശിക വികസന സംരക്ഷണ പുനരധിവാസ പദ്ധതികളുടെ വിശദവിവരങ്ങളുൾക്കൊള്ളിച്ച് ഒരു പാക്കേജ് ഉടൻതന്നെ പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. വസ്തുനഷ്ടപ്പെടുന്നവർക്കും തൊഴിൽ ചെയ്യാനുള്ള സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെടുന്നവർക്കും കൊടുക്കാനുള്ള പ്രതിഫലത്തെപ്പറ്റി മാത്രമാണ് ഇപ്പോൾ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നാണ് ഗവൺമെന്റിന്റെ പ്രസ്താവനകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. എൻവയോൺമെന്റ് മോണിറ്ററിംഗ് പ്ലാനിനും കോർപ്പറേറ്റ് സാമൂഹിക പ്രതിബദ്ധതയ്ക്കുവേണ്ടി ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ വിശദമായ സ്വഭാവവും പദ്ധതിച്ചെലവും സമയബന്ധിതമായ പൂർത്തീകരണവും സംബന്ധിച്ചുള്ള വിവരങ്ങൾ പ്രഖ്യാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. മാത്രവുമല്ല, ഇറക്കുമതി നിർമ്മാണത്തിന് നിയുക്തരായിരിക്കുന്ന അദാനി പോർട്ട്സ് ആന്റ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡ് എന്ന കമ്പനിയുമായി ഈ വരുന്ന ചിങ്ങമാസം ഒന്നാം തീയതി ഏർപ്പെടുവാൻ ഉദ്ദേശിച്ചിട്ടുള്ള കൺസഷൻ എഗ്രിമെന്റ് എന്ന് വിളിക്കപ്പെടുന്ന കരാറിൽ പ്രാദേശിക വികസന സംരക്ഷണ പുനരധിവാസ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പാക്കേജ് കൂടി നിർബന്ധമായും ഉൾക്കൊള്ളിക്കുവാൻ സർക്കാർ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ 2015-ലെ പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 7525 കോടി രൂപയിൽ പദ്ധതിയുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ ചെലവിടേണ്ടത് 2690 കോടി രൂപയാണ്. 2013-ൽ നടത്തിയ പാരിസ്ഥിതിക പഠന റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നപ്രകാരം പാരിസ്ഥിതിക പരിപാലനത്തിനും സാമൂഹിക പ്രതിബദ്ധതാപ്രവർത്തനങ്ങൾ ക്കുമായി 140 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ 80 കോടി രൂപ കൂടി സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. അങ്ങനെ മൊത്തം 220 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് സംസ്ഥാന സർക്കാർ ചെലവിടുന്ന തുകയുടെ 8.2 ശതമാനത്തോളം വരും. ഇതിൽ 40 കോടി രൂപ നിർമ്മാണ സമയത്തെ പരിസ്ഥിതി പരിപാലനത്തിനും 180 കോടി രൂപ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾക്കുമായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. 180 കോടി രൂപയിൽ 96 കോടി രൂപ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനും 84 കോടി രൂപ മറ്റ് സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾക്കുമാണ്. സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളിൽ കടിവെള്ള പദ്ധതി, മത്സ്യ ബന്ധനതുറമുഖം, മത്സ്യസംസ്കരണപാർക്ക്, ലോജിസ്റ്റിക് ട്രെയിനിംഗ് സെന്റർ, ഖരമാലിന്യ സംസ്കരണം, മുല്ലൂർ സ്കൂളിന്റെ അപ്ഗ്രഡേഷൻ, ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ എന്നിവയും ഉൾപ്പെടുന്നു. പ്രതിബദ്ധതാ പ്രവർത്തനങ്ങൾക്ക് 2013 ഏപ്രിൽ മാസത്തിൽ കടിവെള്ള പദ്ധതിയുടെ ഉദ്ഘാടനത്തോടെ തുടക്കമിട്ട 7 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly